ജി(2) 58807/2011

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം,തീയതി : 28.01.2012

E.mail : keralarcs@gmail.com
Website : www.Cooperation.kerala.gov.in

## സർക്കുലർ നമ്പർ 02/2012

വിഷയം : സഹകരണ വകുപ്പ് - " പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്ര വഴിയിലെ ദീപശിഖ " – (ജീവചരിത്ര ഗ്രന്ഥം) സഹകരണ ലൈബ്രറികളിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന : 1. ഈ ആഫീസിലെ 5.01.2012 ലെ ജി(2) 58807/11 നം. കത്ത്.
2. 17.01.2012 ലെ 83/2012/വി.ഐ.പി/എം.സഹ. നം.മേലെഴുത്ത്

കേരള സർക്കാർ സാംസ്കാരിക വകുപ്പ് 2004 ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'പനമ്പിള്ളി ഗോവിന്ദമേനോൻ : - "ചരിത്രവഴിയിലെ ദീപശിഖ". സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കരുത്തേകിയ പനമ്പിള്ളി ഗോവിന്ദ മേനോനെക്കുറിച്ചുള്ള ഒരു ഗ്രന്ഥം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ലൈബ്രറികളിൽ ആവശ്യം ലഭ്യമായിരിക്കേണ്ട ഒന്നായതിനാൽ കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ടി പുസ്തകം സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും ലൈബ്രറികളിൽ വാങ്ങി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സൂചന പ്രകാരം ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ആയത് യഥാസമയം സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു പൊതു നിർദ്ദേശം നന്നായിരിക്കുമെന്ന് കണ്ടതിനാൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും, ലൈബ്രറികളിൽ ടി ഗ്രന്ഥം വാങ്ങി സൂക്ഷിക്കുവാൻ നിർദ്ദേശിക്കുന്നു. ടി വിവരം അതത് ജോയിന്റ് രജിസ്ട്രാർമാർ സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്,
ഡോ.എസ്.രവീന്ദ്രൻ ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. ഡയറക്ടർ,സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) (എല്ലാ ജില്ലകളിലും)
3. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) (എല്ലാ ജില്ലകളിലും)
4. എല്ലാ സഹകരണ സംഘങ്ങൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
5. എഡിറ്റർ, സഹകരണ വീഥി
6. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും
7. വെബ് സൈറ്റ്
8. രജിസ്ട്രാറുടെ മേശപ്പുറത്ത്
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ